"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - കോട്ടയം, മുട്ടപ്പള്ളി, ഡോ. അംബേദ്കർ മെമ്മോറിയൽ യു.പി.എസ്-ലെ യു.പി. ഹിന്ദി ടീച്ചറായ ശ്രീമതി സി.ജി. കൃഷ്ണകുമാരിയുടെ നിയമനാംഗീകാരവും, വേതനവും ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ. ഗിരീഷ് കുമാർ സി.എസ് സമർപ്പിച്ച നിവേദനം തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു..

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.4697/2025/GEDN തീയതി,തിരുവനന്തപുരം, 16-07-2025

---

പരാമർശം:- 1. ശ്രീ. ഗിരീഷ് കുമാർ സി.എസ് സമർപ്പിച്ച 18/12/2024 ലെ നിവേദനം

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 27/03/2025 ലെ എഫ്2/27457/2024/ഡി.ജി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം, മുട്ടപ്പള്ളി, ഡോ. അംബേദ്കർ മെമ്മോറിയൽ യു.പി.എസ്-ലെ യു.പി. ഹിന്ദി ടീച്ചറായ ശ്രീമതി സി.ജി. കൃഷ്ണകുമാരി ജോലി ചെയ്തിരുന്ന 22/06/1994 മുതൽ 13/10/1999 വരെയുള്ള കാലയളവിലെ വേതനം ശമ്പള സ്കെയിലിൽ അനുവദിച്ച് തരുന്നതിലേയ്ക്കായി കാഞ്ഞിരപ്പള്ളി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് പരാമർശം (1) അപേക്ഷ സർക്കാരിലേക്ക് ലഭ്യമാക്കിയിരുന്നു.

2) സർക്കാർ പ്രസ്തുത വിഷയം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. മുട്ടപ്പള്ളി ഡോ. അംബേദ്കർ മെമ്മോറിയാൽ യു.പി സ്കൂളിന്റെ 1993-94 മുതൽ 1999-2000 വരെയുള്ള തസ്തിക നിർണ്ണയ ഉത്തരവുകൾ പരിശോധിച്ചതിൽ 1993-94 മുതൽ 1997-98 വരെ ഹിന്ദി ഫുൾടൈം തസ്തികയും, 1998-99 മുതൽ ഹിന്ദി പാർട്ട് ടൈം തസ്തികയും അനുവദിച്ച് നൽകിയിട്ടുള്ളതായി കാണുന്നു. ഈ തസ്തികയിൽ ശ്രീമതി തങ്കമ്മസെബാസ്റ്റ്യൻ എന്ന 51 എ അവകാശിയെ നിയമിക്കേണ്ടതായിരുന്നു. എന്നാൽ ടി നിയമനം നൽകാതെ അവിടെ ശ്രീമതി കൃഷ്ണകമാരി സി.ജി യെ നിയമിക്കുകയും, ടി നിയമനം കാഞ്ഞിരപ്പള്ളി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും നിരസിക്കുകയും ചെയ്തിരുന്നു. എന്നാൽ ശ്രീമതി കൃഷ്ണകമാരി സി.ജി സ്കൂളിൽ തുടരുകയും, അറ്റെൻഡൻസ് രജിസ്റ്ററിൽ ഹാജർ മാർക്കുചെയ്യുകയും ചെയ്തിട്ടുണ്ട്. തുടർന്നും ടിയാൾ ഹാജർ മാർക്ക് ചെയ്തതിനെ തുടർന്ന് 17/04/1995 -ൽ ബന്ധപ്പെട്ട സ്കൂൾ പ്രധാനാധ്യാപകനും, സ്കൂൾ മാനേജർക്കും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ആയതിന് മറുപടി ലഭിച്ചതായി കാണുന്നില്ല. മുട്ടപ്പള്ളി ഡോ അംബേദ്കർ മെമ്മോറിയാൽ യു.പി സ്കൂളിലെ അധ്യാപകരുടെ ഹാജർ പുസ്തകങ്ങൾ പരിശോധിച്ചതിൽ സി.ജി കൃഷ്ണകുമാരി എന്ന പേര് 22/06/1994 മുതൽ 13/10/1999 വരെ

കാണുന്നുണ്ട്. ടിയാൾ അവധി ദിവസങ്ങളിലും, മധ്യവേനൽ അവധിയും, ഒഴികെയുള്ള ദിവസങ്ങളിൽ ഹാജർ പുസ്തകത്തിൽ ഒപ്പിട്ടിട്ടുള്ളതായി കാണുന്നു. ഇതിനിടയിൽ 01/01/1998 മുതൽ 03/03/1998 വരെ പ്രസവാവധിയും എടുത്തിട്ടുണ്ട്. എന്നാൽ നിയമനം അംഗീകാരം ലഭിച്ചതായി രേഖപ്പെടുത്തലുകൾ കാണുന്നില്ല. ആയതിനാൽ സർക്കാരിന്റെയോ, വിദ്യാഭ്യാസ വകുപ്പിന്റെയോ ഉത്തരവുകൾക്ക് വിധേയമായിട്ടല്ല ടിയാൾ സേവനം ചെയ്തിരിക്കുന്നത്.

3) 22/06/1994 മുതൽ 13/10/1999 വരെയുള്ള കാലയളവിൽ ശ്രീമതി കൃഷ്ണകുമാരി സി.ജി സർക്കാരിന്റെയോ, വിദ്യാഭ്യാസ വകുപ്പിന്റെയോ ഉത്തരവുകൾക്ക് വിധേയമായിട്ടല്ല സേവന ചെയ്യുതിരിക്കുന്നത്. ടി സാഹചര്യത്തിൽ വിദ്യാഭ്യാസ ഓഫീസർമാർ നിരസിച്ചിട്ടും, അനുമതിയില്ലാതെ തുടർന്ന 22/06/1994 മുതൽ 13/10/1999 വരെയുള്ള കാലയളവിലെ നിയമനം ശമ്പള സ്കെയിലിൽ അംഗീകരിച്ച് നൽകണമെന്ന ആവശ്യം പരിഗണനാർഹമല്ല. ആയതിനാൽ പരാമർശം (1) അപേക്ഷയിലെ ആവശ്യം നിരസിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASWATHY K
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കാഞ്ഞിരപ്പള്ളി.
ശ്രീ. ഗിരീഷ് കുമാർ സി.എസ്, ഗിരീഷ് ഭവൻ, കൊറ്റനാട്, പത്തനംതിട്ട - 689615.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
Date: 16-07-2025 17:31:19